(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 515 പേരെ നിയമനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്.

(സി)&(ഡി) വിവിധ വകുപ്പുകളിലെ ഒഴിവുകൾ വകുപ്പ് തിരിച്ച് താഴെ കൊടുക്കുന്നു.

റവന്യൂ	- 37
പൊതുമരാമത്ത്	- 8
കൃഷി	- 3
മൃഗസംരക്ഷണം	- 1
പട്ടികവർഗ്ഗവികസനം	- 1
ട്രഷറി	- 3
ഇറിഗേഷൻ	- 1
വിദ്യാഭ്യാസം	- 4
ജോയിന്റ് രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് (ജനറൽ)	- 2
ആകെ	- 60

(ഇ) ട്രഷറി വകുപ്പിലെ 2 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ എൽ.പി./യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

33 (1501) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.പി./യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(ബി) പ്രസ്തുത റാങ്ക്ലിസ്റ്റിൽ നിന്നും ഇപ്പോൾ എത്ര പേരെയാണ് അഡ്വൈസ് ചെയ്തിട്ടുള്ളത് ;

(സി) ഇപ്പോൾ നിലവിൽ ഒഴിവുള്ള മുഴുവൻ തസ്തികയിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 16-9-2002-ൽ.

(ബി) 56 പേരെ അഡ്വൈസ് ചെയ്തിട്ടുണ്ട്.

(സി) നിയമാനുസൃതം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly